

# ചാക്യാർ മുക്ക്



## വാക്കേറ്



**എസ്. ജിതേഷ്**
*(കാർട്ടൂണിസ്റ്റ്)*

**വാക്കേറ് :** കൊച്ചിയിൽ സെക്സ് മാഫിയ തഴച്ചുവളരുകയാണല്ലോ?

**പി.പി.അഷ്റഫ്, ഇരിക്കൂർ**

**തിരിച്ചേറ് :** കൊച്ചിയിൽ "സെസ്" (സ്പെഷ്യൽ എക്കണോമിക് സോൺ) നടപ്പാക്കാൻ സർക്കാർ പെടാപ്പാടുപെട്ടു. പക്ഷേ നടപ്പിലായത് "സെക്സ്" ആണെന്നുമാത്രം

**വാക്കേറ് :** ആർക്കുംകേറി കൊട്ടാവുന്ന ഒന്നല്ല പോലീസെന്ന് കോടിയേരി. എന്തു പറയുന്നു ഇതേപ്പറ്റി?

**അൻവർ.എൻ.പി, വലിയപാടം**

**തിരിച്ചേറ് :** അഞ്ചുവർഷം തികയ്ക്കുന്നതുവരെ പോലീസിനെ കൊട്ടാനുള്ള അവകാശം ഡി.വൈ.എഫ്.ഐക്കാരും എസ്.എഫ്.ഐക്കാരും പാർട്ടിക്കാരും ചേർന്ന് പാട്ടത്തിനെടുത്തുകഴിഞ്ഞു.

**വാക്കേറ് :** വാക്കേറിലേക്ക് ഒരു "വഴക്കേറ്" നടത്തിക്കോട്ടേ...?

**മുരുകൻ, കാരേറ്റ്**

**തിരിച്ചേറ് :** വഴക്ക് 'ഏറിയവരെയൊക്കെ' പിടിച്ച് അകത്തിടാനുള്ളതാ ഗുണ്ടാ ആക്റ്റ്.

**വാക്കേറിലേക്ക് ചോദ്യങ്ങൾ**
**എസ്.എം.എസ് ചെയ്യുക:** 9447740749

## കുളത്തിലെ ബോർഡ്

**കു**ളത്തിനു നടുവിലൊരു ബോർഡ് കണ്ടു. എത്ര നോക്കിയിട്ടും എനിക്ക് വായിക്കാൻ കഴിഞ്ഞില്ല. അവസാനം നീന്തിപ്പോയി നോക്കിയപ്പോൾ ഞെട്ടിപ്പോയി. കാരണം ബോർഡിൽ എഴുതിയിരുന്നത് ഇപ്രകാരമായിരുന്നു: കുളത്തിൽ മുതലയുണ്ട്. ഇറങ്ങരുത്. സൂക്ഷിക്കുക!

**നിയാസ്, വണ്ടൂർ.**



## ശിക്ഷയില്ല

**അ**ച്ഛൻ: ഞാൻ എഴുതിത്തന്ന ഉത്തരങ്ങൾ കണ്ടിട്ട് നിന്റെ ടീച്ചർ എന്തുപറഞ്ഞു?
മകൾ: പിതാവിന്റെ തെറ്റുകൾക്ക് മകൾ ശിക്ഷാർഹയല്ല.

**ബിനോയി, തിരുവനന്തപുരം.**

## ഞാൻ മണ്ടനല്ല



**ചെ**ക്കുബുക്ക് നഷ്ടപ്പെട്ട സർദാരിനോട് ബാങ്ക് മാനേജർ : നിങ്ങളെന്ത് അസംബന്ധമാണ് കാണിച്ചത്. ആരെങ്കിലും നിങ്ങളുടെ ഒപ്പിട്ട് പണം പിൻവലിച്ചാലോ?
സർദാർ : സർ, ഞാൻ അത്രയ്ക്ക് മണ്ടനല്ല. ഞാൻ ആദ്യമേ ബുക്ക് മുഴുവനും ഒപ്പിട്ടുണ്ട്.

**ബിജു ഗോവിന്ദൻ, മരിയപുരം.**

## ഉറക്കം അളക്കാൻ



**സ**ർദാർജി സ്കെയിലുമായി ഉറങ്ങാൻ കിടക്കുന്നതുകണ്ട് ഭാര്യ: നിങ്ങളെന്താ സ്കെയിലും പിടിച്ച് ഉറങ്ങുന്നത്?
സർദാർ: എത്രനേരം ഉറങ്ങിയെന്ന് അളക്കാനാടീ

**സ്മിത, പെരിന്തൽമണ്ണ**

## രസികരാജൻ




### തുടങ്ങിയല്ലേ ഉള്ളൂ

**വി**ല കൂട്ടാനുള്ളതിന്റെ ലിസ്റ്റൊക്കെ എടുത്ത് യുപിഎ സർക്കാർ ഭരണം തുടങ്ങിക്കഴിഞ്ഞു, പെട്രോൾ ഡീസൽ വിലയിൽ തകർപ്പൻ മുന്നേറ്റം നടത്തി ജനങ്ങളെ സേവിക്കാനുള്ള ശ്രമത്തിലാണ് തുടക്കം. കിട്ടാനുള്ളതെല്ലാം വോട്ടർമാർ തന്നല്ലോ, അപ്പോൾ അവർക്കിട്ട് എന്തെങ്കിലും പണിയാതിരിക്കാൻ പറ്റുമോ. പ്രതിപക്ഷത്തിന് മുറവിളി കൂട്ടാനുള്ളതുമായല്ലോ..

**വാൽക്കഷ്ണം:** തുടങ്ങിയിട്ടല്ലേ ഉള്ളു.. ഇനിയെന്തൊക്കെ കാണാൻ കിടക്കുന്നു!!

**അജിത്ത് അരവിന്ദൻ**

ഫലിതങ്ങൾ SMS ചെയ്യുന്നവർ പേരും സ്ഥലപ്പേരും വയ്ക്കാൻ മറക്കരുത്. SMS അയയ്ക്കേണ്ട നമ്പർ: 9495555907. വിലാസം: കേരളകൗമുദി ഫ്ലാഷ്, പേട്ട, തിരുവനന്തപുരം



# സുന്ദരിക്കുട്ടിയുടെ വഴിതെറ്റിയ യാത്രകൾ



## കാതോട് കാതോരം

**ഫ്ലാഷ് ബ്യൂറോ, തൃശൂർ**

**പ്രാ**യവ്യത്യാസമൊന്നും പ്രണയത്തിന് പ്രശ്നമല്ലെന്ന് പണ്ടാരാണ്ടോ പറഞ്ഞിട്ടുണ്ടല്ലോ. പക്ഷേ, പ്രണയം മൂത്ത് മൂത്ത് കോടികാമ അധിപതിയായാൽ എന്തു ചെയ്യും?

പൂരനഗരിയുടെ കിഴക്കൻ അതിർത്തിയിൽ നിന്നും നഗരത്തിന്റെ വടക്കൻ മേഖലയിലുള്ള വിദ്യാലയത്തിലേക്ക് വരുന്ന പത്താം ക്ലാസുകാരിയുടെ യാത്ര വാനിലാണ്. രക്ഷാകർത്താക്കൾ ഗവൺമെന്റുദ്യോഗസ്ഥർ. എട്ടാം ക്ലാസ് മുതലാണ് പെൺകുട്ടിക്ക് ഈ പുതിയ വാൻ ഏർപ്പാടാക്കിക്കൊടുത്തത്. അതുവരെ സഞ്ചരിച്ചിരുന്ന അംബാസിഡർ കാർ പ്രായം ചെന്ന ഡ്രൈവർക്ക് സുഖമില്ലാതായതോടുകൂടി നിർത്തി.

വാനിൽ പെൺകുട്ടിയടക്കം 25-ഓളം വിദ്യാർത്ഥിനികളുണ്ട്. ഓരോരുത്തരും പല സ്കൂളുകളിലേക്കുള്ളവർ. രാവിലെ ഏഴ് മണിക്ക് ട്യൂഷൻ കഴിഞ്ഞാൽ പിന്നെ വാനിനുള്ള കാത്തുനിൽപ്പായി കുട്ടികൾ.

നഗരത്തിലെത്തിയാൽ നമ്മുടെ പെൺകുട്ടി ഒഴികെ മറ്റെല്ലാ വിദ്യാർത്ഥിനികളും ഇറങ്ങുകയായി. സുന്ദരിക്കുട്ടിക്ക് മാത്രമായാണ് വടക്കൻ മേഖലയിലുള്ള വിദ്യാലയത്തിലേക്ക് വാൻ പോകുന്നതത്രേ. അപ്പോൾ നഗരത്തിന്റെ ഹൃദയഭാഗം കഴിഞ്ഞാൽ വാനിൽ പെൺകുട്ടിയും ഡ്രൈവറും മാത്രം.

വിവാഹിതനും രണ്ട് കുട്ടികളുടെ പിതാവുമായ വാൻ ഡ്രൈവറും പെൺകുട്ടിയും നല്ല അടുപ്പത്തിലായി. കലശലായ പ്രണയം. പെൺകുട്ടിയെ മുൻസീറ്റിൽ ഇരുത്തിയായത്രേ പിന്നീടുള്ള യാത്ര. അസാമാന്യ വളർച്ചയുള്ള പെൺകുട്ടിയുമൊത്തുള്ള 'കുസൃതികൾ' ഡ്രൈവർ വിദ്വാൻ മെനയുന്നത് വണ്ടി ആളൊഴിഞ്ഞ പ്രദേശത്ത് റോഡരികിൽ ഒതുക്കിയിട്ടുകൊണ്ടാണത്രേ. വാനിനാണെങ്കിൽ കൂളിംഗ് ഗ്ലാസും. പോരേ!

പെൺകുട്ടി വിദ്യാലയത്തിലെത്താൻ പത്ത് മിനിട്ട് വൈകുക പതിവായി. വളരെ ചിട്ടയോടുകൂടി നടക്കുന്ന വിദ്യാലയത്തിൽ നമ്മുടെ പെൺകുട്ടിയെപ്പോലെ അപൂർവ്വം ചിലർ മാത്രമേ വൈകിയെത്താറുള്ളൂ. അവർക്കൊക്കെ ഓരോ കാരണങ്ങളുമുണ്ടാകും. പക്ഷേ, സുന്ദരിക്കുട്ടിയുടേയും ഡ്രൈവറുടേയും സമയങ്ങൾ വിലപ്പെട്ടതാണല്ലോ. ഇവരുടെ ബന്ധം അനുസ്യൂതം തുടർന്നുകൊണ്ടിരുന്നു.

നല്ല മഴയുള്ളൊരു ദിവസം. വൈകുന്നേരം സ്കൂൾ വിട്ട് മറ്റെല്ലാവരേയും വീട്ടിൽ കൊണ്ടാക്കി ഡ്രൈവർ വിദ്വാൻ പെൺകുട്ടിയേയും കൊണ്ട് ആളൊഴിഞ്ഞ പ്രദേശത്തെ റോഡരികിലെത്തി. വണ്ടി പാർക്ക് ചെയ്തു.

സമയം സന്ധ്യ കഴിഞ്ഞിട്ടും മകളും വാനും കാണാത്തതിനെ തുടർന്ന് അച്ഛനും അമ്മയ്ക്കും വേവലാതിയായി. അവർ നെട്ടോട്ടമോടി. കൂടെയുണ്ടായിരുന്ന വിദ്യാർത്ഥിനികൾക്ക് വലിയ പിടിപാടില്ല. ഡ്രൈവറുടെ വീട്ടുകാർക്കും അറിയില്ല.

വാൻ റോഡരികിൽ കുറേ നേരമായി കിടക്കുന്നത് കണ്ട് സംശയം തോന്നിയ ഒരു സമീപവാസി പൊലീസിൽ വിവരമറിയിക്കുകയായിരുന്നുവത്രേ. ഏമാന്മാർ വന്ന് നോക്കുമ്പോൾ പെൺകുട്ടിയെ പ്രണയിക്കാൻ ഡ്രൈവറെ കൂടാതെ മൂന്ന് പേർകൂടി വാനിലുണ്ടായിരുന്നതായി അറിയാൻ കഴിഞ്ഞു.

പെൺകുട്ടിയുടെ വിദ്യാലയയാത്ര വഴിതെറ്റിയെങ്കിലും ജീവിതയാത്ര ശോഭനമാക്കി രക്ഷാകർത്താക്കൾ കാര്യങ്ങൾ മൂടിവച്ചു.

## സുഡോക്കു

ലളിതം

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 5 | | 3 | | 8 | | | 7 | |
| | 2 | | 4 | | 9 | | | 8 |
| 8 | 1 | | 3 | | 7 | | 4 | |
| | 6 | | 8 | 9 | | 4 | | 7 |
| | 3 | | 2 | | 4 | | 9 | |
| 4 | | 8 | | 7 | 3 | | 6 | |
| | 5 | | 7 | | 8 | | 2 | |
| 3 | | 6 | 5 | | 1 | | 8 | |
| | 8 | | | 3 | | 7 | | 5 |

**ഒ**ൻപതു കള്ളികൾ ചേർന്ന ഓരോ ചെറുചതുരത്തിലും, അതുപോലെ മൂന്നു ചെറുചതുരങ്ങൾ ചേർന്ന കളത്തിൽ നെടുകെയും കുറുകെയും ഒരക്കം ഒരിക്കൽമാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. കള്ളികൾ പൂരിപ്പിക്കുന്നത് ഇന്നരീതിയിൽ വേണമെന്ന ഒരു ക്രമവും നിലവിലില്ല. ഓരോരുത്തർക്കും ഇഷ്ടമുള്ളപ്രകാരം പൂരിപ്പിക്കാം.

### കഴിഞ്ഞദിവസത്തെ ഉത്തരം

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 2 | 1 | 9 | 7 | 3 | 8 | 4 | 5 | 6 |
| 8 | 5 | 4 | 1 | 2 | 6 | 3 | 9 | 7 |
| 6 | 3 | 7 | 4 | 9 | 5 | 2 | 1 | 8 |
| 1 | 2 | 8 | 5 | 7 | 3 | 9 | 6 | 4 |
| 5 | 9 | 6 | 8 | 4 | 2 | 1 | 7 | 3 |
| 7 | 4 | 3 | 6 | 1 | 9 | 5 | 8 | 2 |
| 3 | 8 | 1 | 9 | 6 | 4 | 7 | 2 | 5 |
| 9 | 6 | 2 | 3 | 5 | 7 | 8 | 4 | 1 |
| 4 | 7 | 5 | 2 | 8 | 1 | 6 | 3 | 9 |